ഫുട്ബോൾ, വോളിബോൾ തുടങ്ങിയ ഗെയിമുകളുടെ ഉന്നമനത്തിനായി സ്വീകരിക്കുന്ന നടപടി

19 (*705) ശ്രീ. യു. സി. രാമൻ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രിക്കറ്റിനോടുള്ള അമിതമായ ഭ്രമം കാരണം ഹോക്കി, ഫുട്ബോൾ, വോളിബോൾ തുടങ്ങിയ ജനകീയമായ ഗെയിമുകൾ ഇന്ന് നേരിടുന്ന അവഗണന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം ഗെയിമുകളുടെ ഉന്നമനത്തിനായി സർക്കാർ തലത്തിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

അഡ്വാൻസ് ലൈസൻസിംഗിലൂടെ റബ്ബർ ഇറക്കുമതി

20 (*706) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്വാൻസ് ലൈസൻസിംഗിലൂടെ റബ്ബർ ഇറക്കുമതി അനുവദിച്ചു കൊണ്ട് കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇത് സംസ്ഥാനത്തെ റബ്ബർ കർഷകരെ എപ്രകാരം ബാധിക്കും എന്ന റിയിക്കാമോ ;

(സി) ഈ വിജ്ഞാപനം പിൻവലിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതിനെതിരെ സർവ്വകക്ഷി പ്രതിനിധി സംഘത്തെ കേന്ദ്രത്തിലേക്ക് അയയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) അഡ്വാൻസ് ലൈസൻസിംഗിലൂടെ റബ്ബറിന് താരീഫ്രഹിത ഇറക്കുമതിക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനം നീക്കിക്കൊണ്ട് 2003 ജൂലൈ 3-ാം തീയതി കേന്ദ്രവിദേശവ്യാപാര ഡയറക്ടർ ജനറൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതായി അറിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് കേരളത്തിലെ റബ്ബർ കർഷകരെ ദോഷകരമായി ബാധിക്കും. ആഭ്യന്തര വിപണിയിൽ റബ്ബറിന് ഇപ്പോൾ ലഭിച്ചു വരുന്ന സാമാന്യം പ്രോത്സാഹജനകമായ വിലനിലവാരം ഇക്കാരണത്താൽ താഴുന്നതിന് ഇടയാകും.

(സി) നികുതിരഹിത റബ്ബർ ഇറക്കുമതിയുടെ നിരോധനം പുനഃസ്ഥാപിക്കുന്നതിനുവേണ്ടുന്ന നിയമ നയപരമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര നീതിന്യായമന്ത്രാലയത്തോടും വ്യവസായ-വാണിജ്യ മന്ത്രാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യത്തെ സംബന്ധിച്ച് മേൽ മന്ത്രാലയങ്ങളിൽ വേണ്ട സമ്മർദ്ദം ചെലുത്തണമെന്ന് കേരളത്തിൽ നിന്നുള്ള എം. പി. മാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ അഡ്വാൻസ് ലൈസൻസ് വഴി ഡ്യൂട്ടി ഇല്ലാതെ റബ്ബർ ഇറക്കുമതി നിരോധിച്ചു കൊണ്ട് അടിയന്തരമായി കേന്ദ്രവാണിജ്യ വകുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് 10-7-2003-ൽ കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സായ പ്രമേയത്തിലൂടെ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം തീരുമാനിച്ചിട്ടില്ല.

എ. ഡി. ബി. യിൽ നിന്നുള്ള രണ്ടാം ഗഡു വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

21 (*707) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ. ഡി. ബി. യിൽ നിന്നുള്ള രണ്ടാം ഗഡു വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) രണ്ടാം ഗഡു വായ്പയായി എ. ഡി. ബി. യിൽ നിന്ന് പ്രതീക്ഷിക്കുന്ന സംഖ്യ എത്രയാണ് ;

(സി) ഏതൊക്കെ ആവശ്യങ്ങൾക്കാണ് രണ്ടാം ഗഡു സംഖ്യ ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഒന്നാം ഗഡുവായി ലഭിച്ചത് ചെലവഴിച്ചതിന്റെ റിപ്പോർട്ട് നൽകിയാലേ അടുത്ത ഗഡു അനുവദിക്കുകയുള്ളു എന്ന നിബന്ധന എ. ഡി. ബി. മുന്നോട്ട് വച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) പൂർത്തിയായിട്ടില്ല.

(ബി) ഏകദേശം 600 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly